**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2282** **03-03-2025 - ൽ മറുപടിയ്ക്ക്**

**ചെറിയ വ്യവസായ സംരംഭങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും വ്യവസായ യൂണിറ്റുകൾക്കുള്ള കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനുമായി എന്തൊക്കെ പുതിയ ഉത്തരവുകൾ തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വ്യവസായങ്ങളും സംരംഭങ്ങളും പ്രോത് സാഹിപ്പിക്കുന്നതിനും വ്യാവസായിക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും, പുതിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോഴും നിലവിലെ സ്ഥാപനങ്ങ ളുടെ ലൈസൻസ് പുതുക്കി നൽകുമ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന വിവിധ പരിശോധനകൾ 29/07/2021 ലെ സ.ഉ(കൈ)നം.156/2021/തസ്വഭവ പ്രകാരം ലഘൂകരിച്ചിട്ടുണ്ട്.<br><br>എസ്.ആർ.ഒ 483/2021 നമ്പരാ യി വിജ്ഞാപനം ചെയ്ത (29/06/2021-ലെ സ.ഉ(കൈ.)നം.121/2021/ തസ്വഭവ) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാ ണ(ഭേദഗതി) ചട്ടങ്ങൾ 2021, എസ്.ആ ർ.ഒ 482/2021 നമ്പരായി വിജ്ഞാപനം ചെയ്ത(29/06/2021 ലെ സ.ഉ(കൈ) നം. 120/2021/ തസ്വഭവ) കേരള പഞ്ചാ യത്ത് കെട്ടിട നിർമ്മാണ(ഭേദഗതി) ചട്ട ങ്ങൾ 2021 എന്നിവ പ്രകാരം ലോ റിസ്ക് വിഭാഗത്തിൽ പെടുന്ന 100 ച. മീ വരെയുള്ള G1 - ഇൻഡസ്ട്രിയൽ \| - ഉപയോഗഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് സെൽഫ് സർട്ടിഫിക്കേഷൻ മുഖേന അ പേക്ഷ സമർപ്പിക്കുമ്പോൾ തന്നെ നിർമ്മാണാനുമതി ലഭ്യമാക്കാവുന്നതാണ്.<br><br>എസ്.ആർ.ഒ 743/2024 നമ്പരായി വിജ്ഞാപനം ചെയ്ത (13/08/2024-ലെ ജി.ഒ (പി) നം. 43/2024/LSGD പ്രകാരം ) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ഭേദഗതി) ചട്ടങ്ങൾ 2024 പ്രകാരം, 2019 -ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ചട്ടം 5 ഉപചട്ടം 4 പ്ര കാരം, നിർമ്മിത വിസ്തൃതി 1000 ച.മീ കവിയുന്നതും അല്ലെങ്കിൽ ഉയരം 15 മീ. കവിയുന്നതുമായ ലൈവ് സ്റ്റോക്ക് ഫാമു കൾക്ക് |

| | | | |
|---|---|---|---|
| | | | ബാധകമായിരുന്ന അഗ്നി രക്ഷാ സേവന വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപ ത്രം ലഭ്യമാക്കുന്നതിൽ, ഇളവ് അനുവദിച്ചിട്ടുണ്ട്.<br><br>കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019-ന്റെ ചട്ടം 8(xiv) പ്ര കാരം, ഇരുപതിൽ കവിയാത്ത പശുക്കളെയും, അൻപതിൽ കവിയാത്ത ആടുക ളെയും, ആയിരത്തിൽ കവിയാത്ത പക്ഷികളെയും വളർത്തുന്നതിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായിരുന്ന ബയോഗ്യാ സ് പ്ലാന്റിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.<br><br>കേരള പഞ്ചായത്ത് കെട്ടിട നിർമ്മാ ണ ചട്ടങ്ങൾ 2019-ന്റെ ചട്ടം 68 പ്രകാരം, ഒരു പ്രത്യേക കാലയളവിലേക്ക് കടിലുകൾ അല്ലെങ്കിൽ താൽക്കാലിക ഷെഡുക ൾ നിർമ്മിക്കുന്നതിന് നൽകുന്ന അനുമതി ലൈവ് സ്റ്റോക്ക് കെട്ടിടങ്ങൾക്കും/ഫാമുകൾക്കും ബാധകമാക്കിയിട്ടുണ്ട്. |
| (ബി) | കമേഴ്സ്യൽ ബിൽഡിംഗുകളിൽ ചെറിയ ഫ്ലോർ മില്ലുകൾ, സോഡ നിർമ്മാണ യൂണിറ്റുകൾ പോലുള്ള സംരംഭങ്ങൾ തുടങ്ങുന്നതിന് അനുമതിയുണ്ടോ; ഇല്ലെങ്കിൽ ഇതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുമോ; വ്യക്തമാക്കുമോ; | (ബി) | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019, കേരള പഞ്ചായത്ത് കെ ട്ടിട നിർമ്മാണചട്ടങ്ങൾ, 2019 എന്നിവയു ടെ ചട്ടം 25(2)(g) പ്രകാരം 3 HPയിൽ കൂടാത്ത മോട്ടോർ അല്ലെങ്കിൽ യന്ത്രം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ശല്യമില്ലാത്ത തരത്തിലുള്ള ചെറുകിട സ്ഥാപനങ്ങൾ കമേഴ്സ്യൽ ഉപയോഗഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. |
| (സി) | ചെറിയ വ്യവസായ യൂണിറ്റുകളിൽ ഉപയോഗിക്കുന്ന മെഷീനറികളുടെ കപ്പാസിറ്റിയും വലിപ്പവും കണക്കിലെടുത്ത് അതിന് അനുയോജ്യമായ വിധത്തിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ചെറിയ വ്യവസായ യൂണിറ്റുകളിൽ ഉപ യോഗിക്കുന്ന മെഷീനറികളുടെ കപ്പാസിറ്റിയും വലിപ്പവും കണക്കിലെടുത്ത് അതിന് അനുയോജ്യമായ വിധത്തിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നത് പ്രായോഗികമല്ലായെന്നു കാണുന്നു. |

സെക്ഷൻ ഓഫീസർ